
GHS
little
KITE
PoOvApPaLlY
LiTtle
KiTeS
MAGAZINE
2019
2020


LANTERN


LANTERN

# താളുകളിലൂടെ .......

ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട് ............................................8..9

എ പി ജെ അബ്ദുൽ കലാമിന്റെ പ്രശസ്തമായ ഉദ്ധരണികൾ ..............................10

മഴത്തുള്ളി ..............................................................................................11

കമ്പ്യൂട്ടറിന്റെ ഉപയോഗം ....കുട്ടികളിൽ ..................................................12

തോന്ന്യാക്ഷരങ്ങൾ .................................................................................13

വീഡിയോ ഗെയിമുകൾ....നല്ലതോ ചീത്തയോ?.......................................14..15

കടംകഥകൾ .........................................................................................16

ഭൂമിക്ക പൃഥ്വി എന്ന പേരുണ്ടായ കഥ ..........................................................19

സ്വപ്നങ്ങൾ ...........................................................................................20

ചാന്ദ്രയാൻ...ഇന്ത്യയുടെ അഭിമാനം .........................................................21..22

വേർപാടിന്റെ ദുഃഖം ...............................................................................23

ചോദ്യ നമ്പർ തന്നെ ഉത്തരങ്ങൾ ..............................................................24

പ്രളയം...................................................................................................25

ആരോഗ്യ സംരക്ഷണത്തിന് യോഗ ...............................................................27..28

വിജയത്തിലേക്കുള്ള അടയാളം .................................................................29

മഴവില്ല് ...............................................................................................31

ത്യാഗംകൊണ്ട് മഹാനേട്ടം..........................................................................32

നിനക്കായ് .............................................................................................33

അമ്മ ....................................................................................................34

10 കുസൃതിചോദ്യങ്ങൾ............................................................................35
ആമസോൺ; ഭൂമിയുടെ ശ്വാസകോശം ..........................................................36..37
മിഠായികൾ ..........................................................................................38
വലിയവ ഏത് ?ചെറിയവ ഏത് ? ..............................................................39
ആലിപ്പഴം ..........................................................................................40
അമ്പിളിമാമനിൽ പോകാം .....................................................................41
നവംബർ 1 മലയാള ഭാഷാദിനം..............................................................42..43
ഇന്നത്തെ നാട് ...................................................................................... 44
അവൾ..................................................................................................45
വിദ്യാലയം ..........................................................................................46
മാതൃത്വം...........................................................................................47..48
FUN RIDDLES........................................................................................ 53
UNIVERSAL LOVE..................................................................................54
MY EARTH......MY RESPONSIBILITY.......................................................... 55
Magazine of Albert Einstein...................................................................56
The Rain..............................................................................................57
IMPORTANT SHORTCUT KEYS...................................................................58
QUIZ....................................................................................................59
ONAM..................................................................................................60..61
रंगों का खेल है ज़िन्दगी ....................................................................... 62. 63
छाया.....................................................................................................64

# എഡിറ്റോറിയൽ സമിതി

പ്രഥമഅദ്ധ്യാപിക ശ്രീമതി വസന്തകുമാരി എം ,സ്കൂൾ ഐ ടി കോ-ഓർഡിനേറ്റർ ആയ ഷിബു ഡി കെ ,സ്റ്റാഫ് എഡിറ്റർമാരായ ജോൺ മാത്യു,അനിത എൻ ,എഡിറ്റർമാരായ അലീന ഡി എസ് ,അമി മറിയം സന്തോഷ്,അലീന എബ്രഹാം,ആൻസ്റ്റിയ എം ബോസ് എന്നിവരും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ എല്ലാ അംഗങ്ങളും ചേരുന്നതാണ് *LANTERN* എന്ന ഡിജിറ്റൽ മാഗസിന്റെ എഡിറ്റോറിയൽ സമിതി

# എഡിറ്റോറിയൽ

വിജ്ഞാന മേഖല ഇന്ന് വളർച്ചയുടെയും മാറ്റത്തിന്റെയും ഏണിപ്പടികൾ കയറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ചിന്തയുടെയും പഠനത്തിന്റെയും ബോധനത്തിന്റെയും മാധ്യമമായിവിവരസാങ്കേതികവിദ്യമാറുകയാണ്.അനന്തസാധ്യതകളുള്ള ഐടി മേഖലയിൽ മികച്ചവരായിത്തീരുവാനും ഭാവിയിലേക്ക് ഒരു വഴികാട്ടിയായി മാറുവാനും ഉദ്ദേശിച്ചുകൊണ്ടുള്ള LANTERN എന്ന ഈ മാഗസിൻ കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗവാസനകൾക്കു ഒരിടം കരുതിയിരിക്കുകയാണ്.

എല്ലാകുരുന്നുകൾക്കും പഠനത്തോടൊപ്പം സർഗ്ഗശേഷിയും ചിന്താശേഷിയും വർധിപ്പിക്കുവാൻ ഈ മാഗസിന് കഴിയും എന്ന പ്രതീക്ഷയോടെ ഈ മാഗസിന്റെ പൂർണതക്കായി പ്രയത്നിച്ച എല്ലാ സുമനസ്സുകളെയും നന്ദിയോടെ സ്മരിച്ചുകൊണ്ട് സവിനയം സമർപ്പിക്കുന്നു

എഡിറ്റർ




ലിറ്റിൽ കൈറ്റ്സ് (2019-2010) LANTERN എന്ന ഡിജിറ്റൽ മാഗസിൻ പേരിൽ തന്നെ പുതുമ നിലനിർത്തുന്നതാണ്.ഈ മാഗസിനിൽ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ഭാവനയും കഴിവും അർപ്പണബോധവും നിറഞ്ഞുനിൽക്കുന്നു.ഇത്തരം ഒരു മാഗസിൻ തയ്യാറാക്കാൻ പരിശ്രമിച്ച എല്ലാവർക്കും ആശംസകൾ

സ്നേഹപൂർവ്വം

വസന്തകുമാരി എം

HM



പൂയപ്പള്ളി ഗവ.ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാ ആശംസകളും നേരുന്നു.

പി റ്റി എ പ്രസിഡന്റ്

എം ബി പ്രകാശ്

## ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട്

2019-20 അധ്യയന വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ ജൂൺ 18 ന് നടത്തിയ പ്രിലിമിനറി ക്യാമ്പോടു കൂടി ആരംഭിച്ചു .വെളിയം സബ്ജില്ല Kite Master Trainer സോമശേഖരൻ സാർ ക്യാമ്പിൽ പങ്കെടുക്കുകയും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലൂടെ കുട്ടികൾക്ക് കിട്ടുന്ന പരിശീലന അവസരങ്ങളെപ്പറ്റിയും അതിന്റെ സാധ്യതകളെപ്പറ്റിയും വിശദമായി കുട്ടികൾക്ക് പരിചയപ്പെടുത്തി.ലിറ്റിൽ കൈറ്റ്സ് ക്ലബിനോട് കുട്ടികൾക്ക് വളരെയധികം താല്പര്യം ഉണ്ടാക്കാൻ ക്യാമ്പിന് കഴിഞ്ഞു.കുട്ടികൾക്ക് നല്ല ഒരു പരിശീലനം ക്യാമ്പിലൂടെ ലഭിച്ചു.

**ഡിജിറ്റൽ മാഗസിനായി പത്രാധിപയോഗം**

ഡിജിറ്റൽ മാഗസിൻ നിർമ്മാണവുമായി ബന്ധപ്പെട്ട പത്രാധിപയോഗം ആഗസ്റ്റ്18ാംതീയതി ഉച്ചക്ക് 1.30 ന കമ്പ്യൂട്ടർ ലാബിൽ ചേർന്നു.മാഗസിൻ എഡിറ്റർമാരായി ആൻസ്റ്റിയ എം ബോസ് ,അലീന ഡി എസ് എന്നിവരെ തെരഞ്ഞെടുത്തു മാഗസിനിലേക്കുള്ള വിവരശേഖരണത്തിനായി ഒൻപതാം ക്ലാസ്സുകളിലെ കൈറ്റ് അംഗങ്ങളുള്ള എല്ലാ ക്ലാസ്സുകളിൽ നിന്നും ഓരോ അംഗങ്ങളെ ചുമതലപ്പെടുത്തി.സെപ്റ്റംബർ 16ാംതീയതിക്കുള്ളിൽ വിവരശേഖരണം പൂർത്തിയാക്കണമെന്ന് നിർദേശം നൽകി.മാഗസിൻ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായി ഒരു മാഗസിൻ കമ്മറ്റിയെ ചുമതലപ്പെടുത്തി .

## പരിശീലനങ്ങൾ

സ്കൂൾ ഐ.ടി മേളയോടനുബന്ധിച്ച കുട്ടികൾക്ക് പരിശീലനം നല്കാൻ തീരുമാനിച്ചു.എല്ലാ ദിവസവും ഉച്ചഭക്ഷണത്തിനുള്ള ഇടവേളകളിൽ പരിശീലനം നൽകി.യു.പി വിഭാഗം കുട്ടികൾക്ക് **Digital painting,Malayalam typing** എന്നിവയിലായിരുന്നു പരിശീലനം.ഹൈസ്കൂൾ വിഭാഗത്തിൽ **Digital painting,Malayalam typing,Scratch,Web page making,Animation,Multimedia presentation** എന്നീ വിഭാഗത്തിൽ പരിശീലനം നൽകി പരിശീലനങ്ങൾക്കു നേതൃത്വം നൽകിയത് സീനിയർ കൈറ്റ് അംഗങ്ങളായിരുന്നു .

## സ്കൂൾതലക്യാമ്പ്

സ്കൂൾതലക്യാമ്പ് സെപ്റ്റംബർ28 ന് നടത്തി. ചടയമംഗലം സബ്ജില്ല **Kite Master Trainer** നിക്സൺ സാർ ക്ലാസ്സെടുത്തു. **Animation, Scratch** എന്നിവയിലായിരുന്നു പരിശീലനം.10 മണിക്ക് ആരംഭിച്ച് 4 മണിക്ക് അവസാനിച്ച ക്ലാസ്സ് കുട്ടികൾക്ക് വളരെ പ്രയോജനപ്രദമായിരുന്നു

## മത്സരങ്ങൾ

ഉപജില്ലാക്യാമ്പിലേക്ക് കുട്ടികളെതെരഞ്ഞെടുക്കുന്നതിനായി **Scratch, Animation** എന്നിവയിൽ മത്സരം നടത്തി.മത്സരത്തിൽ മികച്ച പ്രകടനം കാഴ്ച്ച വച്ച കുട്ടികളിൽ നിന്നും 8 കുട്ടികളെ തെരഞ്ഞെടുത്തു.

## സ്കൂൾതല മേള

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ സ്കൂൾതല മേള സംഘടിപ്പിച്ചു യു.പി വിഭാഗത്തിൽ മൂന്നിനങ്ങളിലും ഹൈസ്കൂൾ വിഭാഗത്തിൽ 7 ഇനങ്ങളിലും മത്സരം നടത്തി ഒന്നാം സ്ഥാനം നേടിയ കുട്ടികളെ സബ്ജില്ലാമേളയിൽ പങ്കെടുപ്പിച്ചു .

## സ്കൂൾ പാർലമെന്റ്

സ്കൂൾ പാർലമെന്റ് സമ്മതി സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നടത്തി പ്രിസൈഡിംഗ് ഓഫീസർ ,പോളിംങ് ഓഫീസർമാർ എന്നിവരെല്ലാം ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികളായിരുന്നു.സ്കൂളിൽ പ്രവർത്തിക്കുന്ന മറ്റെല്ലാ ക്ലബുകളെയും പോലെ വളരെ നല്ലരീതിയിൽ പ്രവർത്തിക്കാൻ ലിറ്റിൽ കൈറ്റ്സ് ക്ലബിനു കഴിഞ്ഞു.



## എ പി ജെ അബ്ദുൽ കലാമിന്റെ പ്രശസ്തമായ ഉദ്ധരണികൾ

- ആദ്യ വിജയത്തിന് ശേഷം വിശ്രമിക്കരുത്.കാരണം രണ്ടാമത്തേതിൽ നിങ്ങൾ പരാജയപ്പെട്ടാൽ നിങ്ങളുടെ ആദ്യ വിജയം വെറും ഭാഗ്യം കൊണ്ടാണെന്ന പറയാൻ ഒട്ടേറെ ചുണ്ടുകളുണ്ടാകും
- മനുഷ്യന് ജീവിതത്തിൽ ബുദ്ധിമുട്ടുകൾ ആവശ്യമാണ്.കാരണം വിജയം ആസ്വദിക്കാൻ അവ ആവശ്യമാണ്.
- വേഗം കിട്ടുന്ന സന്തോഷത്തിനു വേണ്ടി ശ്രമിക്കാതെ ജീവിതത്തിൽ കാര്യമായ നേട്ടങ്ങളുണ്ടാക്കാൻ ശ്രമിക്കുക.
- നിങ്ങളുടെ ജീവിതത്തിൽ ഉയർച്ചയോ താഴ്ചയോ ഉണ്ടാവട്ടെ,പക്ഷെ ചിന്തയായിരിക്കണം നിങ്ങളുടെ കൈമുതൽ.
- ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം ഉറങ്ങാൻ അനുവദിക്കാത്തതാണ് സ്വപ്നം.
- നിങ്ങളുടെ പങ്കില്ലാതെ നിങ്ങൾക്ക് വിജയിക്കാൻ ആവില്ല.നിങ്ങളുടെ പങ്കോടെ നിങ്ങൾക്കു തോൽക്കാനുമാകില്ല.

ഉണ്ണിക്കണ്ണൻ
*9G*





# മഴത്തുള്ളി

മുത്തുമണികളായി ഉതിർന്നു വീഴും
പവിഴമഴ എന്റെ മനസ്സിൽ
മഴവില്ലിൻ സൗന്ദര്യവുമായി
ഏഴ നിറച്ചാർത്തുകളുമായി
കറുത്തിരുണ്ട ആകാശത്തിന്
മക്കൾ തൻ ഈ മുത്തുമണികൾ

എന്റെ മനസ്സിൽ വീണ പൊട്ടും
വൈഢൂര്യ കല്ലുകൾ അവകൾ
മുത്തുമണികളായി ഉതിർന്നു വീണ
എന്റെ മനസ്സിൽ ഈപൊന്മഴ
ഭൂമിയുടെ മനസ്സ് തളിർത്തു
എന്റെ ഹൃദയം കുളിർത്തു
മുത്തുമണികളായി ഉതിർന്നു വീഴും
പവിഴമഴ എന്റെ മനസ്സിൽ

കൃപ ചന്ദ്
IX D





അനഘ
9E



## കമ്പ്യൂട്ടറിന്റെ ഉപയോഗം .... കുട്ടികളിൽ

ഇന്നത്തെ കമ്പ്യൂട്ടറുകൾ എല്ലാ പ്രായത്തിലുള്ള കുട്ടികളുടെയും ജീവിതത്തെ മാറ്റിമറിച്ചു.പഠനത്തിനും വിനോദത്തിനുമായി ഉപയോഗിക്കാൻ ഈ സാങ്കേതികവിദ്യ ഒരു അത്ഭുതമാണെങ്കിലും ഇത് കുട്ടികളിൽ പല പ്രത്യാഘാതങ്ങളും ഉണ്ടാക്കുന്നു.കമ്പ്യൂട്ടർ ഉപയോഗം നിരവധി പ്രശ്നങ്ങൾക്ക് കാരണമാകുന്നു.കുട്ടികളെ പഠിക്കാൻ സഹായിക്കുന്നതിന് നിരവധി മികച്ച വിദ്യാഭ്യാസ സോഫ്റ്റ്‌വെയർ പ്രോഗ്രാമുകൾ നിലവിലുണ്ട്.വിപുലമായ കമ്പ്യൂട്ടർ ഉപയോഗം കുട്ടികളെ ശാരീരിക പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവാക്കുകയും അമിതവണ്ണത്തിന് സാധ്യത ഉണ്ടാക്കുകയും ചെയ്യുന്നു.

അമിതമായ കമ്പ്യൂട്ടർ ഉപയോഗം പരസ്പരബന്ധങ്ങളുടെ വികാസത്തെ തടസ്സപ്പെടുത്തുന്നു.സോഷ്യൽ നെറ്റ്‌വർക്കിങ് ഉപകരണങ്ങളായ ഫെയ്സ്ബുക്ക് ട്വിറ്റർ എന്നിവ കമ്പ്യൂട്ടർ അമിതമായി ഉപയോഗിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു.ഈ പോരായ്മക്കിടയിലും സാങ്കേതിക വിദ്യയുടെ ഉപയോഗത്തിന് നമ്മുടെ ജീവിതത്തെ വളരെയധികം മെച്ചപ്പെടുത്താൻ സാധിക്കും.കമ്പ്യൂട്ടർ ഉപയോഗവുമായി ബന്ധപ്പെട്ട നെഗറ്റീവ് ഇഫക്ടുകൾ കമ്പ്യൂട്ടർ ഉപയോഗത്തിന്റെ ശരിയായ മേൽനോട്ടത്തിലൂടെ ഇല്ലാതാവും.അതിനാൽ കുട്ടികളോടൊപ്പം രക്ഷിതാക്കളും കമ്പ്യൂട്ടർ സക്ഷരാവുകയും ചെയ്താൽ കമ്പ്യൂട്ടർ ഉപയോഗവുമായി ബന്ധപ്പെട്ട നല്ല തെരഞ്ഞെടുപ്പുകൾ നടത്താൻ കുട്ടികളെ സഹായിക്കാൻ കഴിയും



ഗൗരികല്യാണി.എസ്

*IX D*

## തോന്ന്യാക്ഷരങ്ങൾ



ചില അക്ഷരങ്ങൾ
നമ്മുടെ വരുതിയിൽ വരികയേയില്ല
ചില കുട്ടികളെപ്പോലെ
ഇങ്ങോട്ടു വിളിച്ചാൽ അവ
അങ്ങോട്ടേ പോകൂ

വളവും തിരിവുമായി വരുന്ന ചില അക്ഷരങ്ങളുണ്ട്
ഓ ....
ഉള്ളം കൈ മുതൽ തെറിക്കും
പാവം പേനയെ പഴിക്കും

ചില അക്ഷരങ്ങൾ സുന്ദരമായ ഒരു
പൂച്ചക്കുഞ്ഞിനെപ്പോലെയാണ്
കൈക്കുള്ളിൽ അമർന്നങ്ങനെ
ഇരിക്കും

പരിഭവവും പിണക്കവും
എടുത്തു ചാട്ടവുമില്ലാത്ത
കുട്ടികളെപ്പോലെ......



## വീഡിയോ ഗെയിമുകൾ....നല്ലതോ ചീത്തയോ?

വീഡിയോ ഗെയിമുകൾ തലച്ചോറിന് നല്ല വ്യായാമം നൽകുന്നു.കളിക്കാരന് വളരെ വേഗത്തിൽ തലച്ചോറിന്റെ പ്രതികരണത്തെയും കൈകളിലെയും വിരൽത്തുമ്പിലെയും ചലനത്തെയും ഏകോപിപ്പിക്കാൻ കഴിയും.ആക്ഷൻ വിഡിയോ ഗെയിമുകൾ കളിക്കുന്നത് പെട്ടെന്ന് തീരുമാനമെടുക്കാൻ കളിക്കാരനെ പ്രേരിപ്പിക്കും.ഗെയിമുകൾ കുട്ടികളിലെ ഏകാഗ്രത വർധിപ്പിക്കുന്നു.ഏതു ഗെയിമുകളും വിജയിക്കുക എന്ന റിസ്ക് ഏറ്റെടുക്കാനുള്ള ശേഷി വർധിപ്പിക്കുന്നു.തലച്ചോറിനെ ഉത്തേജിപ്പിക്കുന്ന നിരവധി കമ്പ്യൂട്ടർ ഗെയിമുകൾ ഉണ്ട്

വീഡിയോ ഗെയിമുകൾ കളിക്കുന്നതിനു ചില നല്ല വശങ്ങൾ ഉണ്ടെങ്കിലും നിരവധി പോരായ്മകളും അതിനുണ്ട്.അത് തലച്ചോറിനെയും ഓർമ്മയേയും പ്രതികൂലമായി ബാധിക്കുന്നു.ആസക്തി കഠിനമായാൽ അവ സമ്മർദ്ദം,ഉത്കണ്ഠ,ഒറ്റപ്പെടൽ എന്നിവക്ക് കാരണമാകും.വീഡിയോ ഗെയിമുകൾക്കു മസ്തിഷ്ക കോശങ്ങളെ നശിപ്പിക്കാനും ഒരു വ്യക്തിയുടെ ഉറക്കത്തെ തടസ്സപ്പെടുത്താനും കഴിയും.വിഡിയോ ഗെയിമർമാർക്കു അവരുടെ ഹ്രസ്വകാലമെമ്മറി തടസ്സപ്പെടുമെന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു.

സൈ ക്കോളജിസ്റ്റ് CRAIG A ANDERSON നടത്തിയ പഠനത്തിൽ ആക്രമണാത്മക വിഡിയോ ഗെയിമുകൾ കളിക്കുന്ന കുട്ടികൾക്ക് പലപ്പോഴും ആക്രമണാത്മക പെരുമാറ്റമുണ്ടെന്ന തെളിഞ്ഞു.മറ്റുള്ളവരോടുള്ള സഹാനുഭൂതിയുടെ തോതും കുറയുന്നു.വീഡിയോ ഗെയിമുകൾ കാഴ്ചയെ ബാധിച്ചേക്കാം.മൂന്നോ അതിലധികമോ മണിക്കൂർ വീഡിയോ ഗെയിം കളിക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നത് പോലെ കാഴ്ച പ്രശ്നങ്ങൾക്കും കാരണമാകുന്നു.

വീഡിയോ ഗെയിമുകൾ സമ്മർദ്ദമുണ്ടാക്കുന്നു. VIOLENT VIDEO GAME കളിക്കുന്ന കുട്ടികളിൽ സമ്മർദ്ദനില വർധിച്ചതായി കാണപ്പെടുന്നു. ഷൂട്ടിങ് പോലുള്ള സമ്മർദ്ദ സാഹചര്യം ഉണ്ടാകുമ്പോൾ ശരീരത്തിനു യുദ്ധം ചെയ്യാനോ പറക്കാനോ ഉള്ള കഴിവ് ഉണ്ടായേക്കാം.കളിക്കാരൻ ഓടിപ്പോവുകയോ യുദ്ധം ചെയ്യുകയോ ചെയ്യാത്തതിനാൽ അവർ മണിക്കൂറുകളോളം കസേരയിൽ ഇരിക്കുന്നതിനാൽ സമ്മർദ്ദത്തിന്റെ ഭാഗമായി 90% കളിക്കാർക്കും ചിലതരം ഉത്കണ്ഠകൾ അനുഭവപ്പെടുന്നു.ഉറങ്ങുന്നതിനു തൊട്ടു മുമ്പ് ഗെയിമുകൾ കളിക്കുന്നത് നല്ല ഉറക്കം കിട്ടുന്നത് തടസ്സപ്പെടുത്തും.

## വീഡിയോ ഗെയിം ആസക്തിയുടെ ശാരീരിക അടയാളങ്ങൾ

- ക്ഷീണം
- സ്വയം പരിപാലിക്കാനുള്ള അഭാവം
- തലവേദന



കാർത്തിക
9E




- അപ്പം പോലെ താടിയുണ്ട്,അല്പം മാത്രം തലയുണ്ട് ?

  ആമ

- അച്ഛൻ മുള്ളൻ,അമ്മ മിനു മിനു,മോൾ മണി മണി?

  ചക്ക

- ആയിരം പൊടിയരിക്ക് അരമുറി തേങ്ങ?

  നക്ഷത്രങ്ങളും ചന്ദ്രനും

- ആദ്യം കുന്തം പിന്നെ കുഴൽ പിന്നെയോ പായ?

  വാഴയില

- ആനയെ തളക്കാൻ തടിയുണ്ട് കടുക് പൊതിയാനിലയില്ല ?

  പുളിമരം

- ഇത്തിരിമുറ്റത്തഞ്ചുകാവൽക്കാർ ?

  കൈവിരൽ

- ഇരുട്ടു കാട്ടിൽ കുരുട്ടുപന്നി ?

  പേൻ

- ഓടിയോടി നടക്കും തീപ്പന്തം?

  മിന്നാമിനുങ്ങ്

- കുളിച്ചു വരുമ്പോൾ മേലാകെ ചൊറി?

  പപ്പടം

- എണ്ണക്കുഴിയിൽ ഞാവൽപ്പഴം?

  കൃഷ്ണമണി



അമി മറിയം സന്തോഷ്

9F

# SCHOOL PARLIAMENT








POLLING OFFICER-2
NG OFFICER-3









അമിത എസ്
IX D

## ഭൂമിക്കു പൃഥ്വി എന്ന പേരുണ്ടായ കഥ

പണ്ട് സൂര്യവംശത്തിൽ വേനൻ എന്ന രാജാവുണ്ടായിരുന്നു.വേനന്റെ ദുർഭരണം മൂലം പ്രജകളെല്ലാം പൊറുതിമുട്ടി.രാജാവിന്റെ അധർമ്മപ്രവർത്തികൾ ഭൂമിദേവിയെ കോപാകുലയാക്കി.ഭൂമിദേവി എന്ത് ചെയ്യെന്നോ അധർമിയായ രാജാവിന് താൻ ഇനി ഒന്നും കൊടുക്കുകയില്ല എന്ന് തീരുമാനിച്ചു.തന്റെ സമ്പത്തെല്ലാം ഉള്ളിലൊതുക്കി വച്ച് ഒരു പശുവിന്റെ രൂപത്തിൽ പാതാളത്തിലൊളിക്കുകയും ചെയ്തു.വേനന്റെ പുത്രനായിരുന്ന പൃഥു.വേനന്റെ മരണശേഷം പൃഥു രാജാവായി.രാജ്യത്തു ഐശ്വര്യവും ഒന്നുമില്ലാത്തതിന് കാരണം ഭൂമിദേവിയുടെ കോപമാണെന്നു പൃഥു മനസ്സിലാക്കി.അദ്ദേഹം പാതാളത്തിലെത്തി ദേവിയെ സ്തുതിച്ചു.ഐശ്വര്യവും സമ്പത്തും വീണ്ടും നേടുകയും ചെയ്തു.അതോടെ ഭൂമി പൃഥുവിന്റെ പുത്രിയായി അറിയപ്പെടാൻ തുടങ്ങി.പൃഥുവിന്റെ പുത്രി എന്ന നിലയിൽ ഭൂമിദേവിക്ക് പൃഥ്വി എന്ന പേരുവരുകയും ചെയ്തു.

# സ്വപ്നങ്ങൾ



സുജാതഅനിൽ

സ്വപ്നങ്ങളെ അപ്ഡേറ്റ്

ചെയ്യണം...

മനസ്സിനെ അടുത്ത

വാതിലിലേക്ക് മറയ്ക്കണം

ആശിച്ചതൊക്കെ

ചോർന്നൊലിച്ച നടന്നു

നീങ്ങുന്നത് കാണുമ്പോൾ

ഹൃദയം വിങ്ങരുത് ..!

നരച്ച ചിന്തകളെ

പൗഡർ  പൂശി മിനുക്കണം

ഒറ്റയ്ക്കാവുന്ന സ്വപ്നത്തെ പടർന്നു പിടിക്കാൻ അനുവദിച്ചുകൂടാ

കാരണം

വേരുകൾ ആഴ്ന്നിറങ്ങുന്നത്

ഹൃദയത്തിലേക്കാകും



## ചാന്ദ്രയാൻ...ഇന്ത്യയുടെ അഭിമാനം

ഇന്ത്യക്കാരായതിൽ നമുക്ക് അഭിമാനിക്കാം. ഇന്ത്യയുടെ ശാസ്ത്ര സാങ്കേതിക മികവിൽ നമുക്ക് വിശ്വാസം അർപ്പിക്കാം.ചന്ദ്രയാൻ 2 ന്റെ വിജയം അങ്ങനെയൊക്കെ ചിന്തിക്കാൻ നമ്മളെ പ്രേരിപ്പിക്കുന്നു.അതിസങ്കീർണമാണ് സ്പേസ് ടെക്നോളജി , സ്പേസ് യാത്രകളും ആ മേഖലയിലേക്ക് ഇറങ്ങാൻ അപൂർവം ചില രാജ്യങ്ങൾക്ക് മാത്രമേ കഴിഞ്ഞിട്ടുള്ളൂ .ഇന്ത്യ ആ വെല്ലുവിളി നേരത്തെ തന്നെ ഏറ്റെടുത്തു.അതിവിദഗ്ധരായ ശാസ്ത്രജ്ഞന്മാരുടെ സംഘം ഉണ്ടാക്കി ,ചിട്ടയായി പ്രവർത്തിച്ച മുന്നേറി . അങ്ങനെയാണ് I.S.R.O' ഇന്ന് ലോകത്തിലെ മുൻ നിരയിലുള്ള ഒരു പ്രസ്ഥാനമായി മാറിയിരിക്കുന്നത് പടിപടിയായിട്ടായിരുന്നു ഈ രംഗത്തെ ഇന്ത്യയുടെ വളർച്ച .ആദ്യചാന്ദ്രദൗത്യം വിജയിച്ച ഇന്നോ? ചന്ദ്രയാൻ 2 ന്റെ ദൗത്യം കൂടുതൽ സങ്കീർണം. സുരക്ഷിതമായി പര്യവേക്ഷണ വാഹനത്തെ ചന്ദ്രനിൽ ഇറക്കുക എന്നതാണ് ദൗത്യം .

അതിസങ്കീർണമായ ആ പ്രക്രിയകൾ കൃത്യമായി നിർവഹിക്കാൻ ആകുമെന്ന നമ്മുടെ പ്രത്യാശക്ക് ഫലമുണ്ടായി ഇന്ത്യൻ ജനതയുടെ നിത്യജീവിതത്തിൽ അനേകം സേവനങ്ങൾ ഇപ്പോൾ തന്നെ ഇന്ത്യൻ ഉപഗ്രഹങ്ങൾ നടത്തുന്നുണ്ട് . പ്രവർത്തന ക്ഷമമായ 45 ഉപഗ്രഹങ്ങൾ ഇപ്പോൾ ആകാശത്തു കൂടി സഞ്ചരിച്ച നമുക്ക് വേണ്ട സേവനങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു . ഈ എണ്ണം ഇനിയും വർദ്ധിക്കും. ഇതുവരെ ഒരു രാജ്യത്തിന്റെ പേടകവും ഇറങ്ങാതെ ദക്ഷിണധ്രുവത്തിലാണ് ചന്ദ്രയാൻ 2 ഇറങ്ങിയത്. ബഹിരാകാശരംഗത്ത് നമുക്ക് മഹത്തായ നേട്ടങ്ങൾ ഉണ്ടാക്കാൻ കാരണമായത് സ്വാതന്ത്ര്യലഭ്യതക്ക് ശേഷമുള്ള നമ്മുടെ പ്രവർത്തനങ്ങളാണ് .എ . പി .ജെ .അബ്ദുൽ കലാം ജവഹർലാൽ നെഹ്റു ,വിക്രം സാരാഭായ് എന്നിവരെ നമ്മൾ ഇപ്പോൾ ഓർത്തു പോകും . സ്പേസ് ഗവേഷണരംഗത്തുള്ള അന്നത്തെ ഉറച്ച അടിത്തറയിലാണ് ഇന്ന് I.S.R.O ശോഭാപൂരിതമായി നിലനിൽക്കുന്നത്.ഏറ്റവും ചിലവു കുറഞ്ഞ ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിലെത്തിക്കാൻ ഇന്ത്യയ്ക്ക് കഴിയുന്നു.അതിനാൽ തന്നെ മറ്റു രാഷ്ട്രങ്ങൾ ഇന്ത്യയുടെ സേവനം ആവശ്യപ്പെടുകയും ചെയുന്നു

ബഹിരാകാശ ഗവേഷണത്തിലൂടെ ഇന്ത്യയുടേയും ലോകത്തിന്റെയും കുതിപ്പാണ് ഇന്ത്യയുടെ ലക്ഷ്യം.ചാന്ദ്രയാൻ 2 ന്റെ ആദ്യഘട്ടവിജയം നമുക്ക് ആഘോഷിക്കാം.അതിന്റെ ഇനിയുള്ള ഘട്ടങ്ങളും വിജയിക്കട്ടെ എന്ന് ആശംസിക്കാം



ഷിഫ ഫാത്തിമ
8 E

# വേർപാടിന്റെ ദുഃഖം



അലീന.ഡി.എസ്
9F

മ ാ പ്പ് അക്ഷരമേ നിനക്ക് മാപ്പ്
പുഞ്ചിരിക്കുന്ന മുഖവുമായവൻ
നിന്നെ കാണാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും
നിന്നിൽനിന്നു വേർപെട്ടതിന്റെ വിരഹം അവനുള്ളിൽ ..........
പ്രകൃതിയിൽ നിന്ന് വേർപെട്ട പുതു-
യുഗത്തെയോർത്തു ,മാപ്പ്
നിനക്കായ് ,പുസ്തകത്താളിനായ്
ഞാൻ കാക്കുന്നു ;ഇനിയെന്നും
അമ്മയാകുന്ന പ്രകൃതിയെയും
ഗുരുവിന് തുല്യരായ അക്ഷരത്തെയും
അതിന് ഗുരുവായ പുസ്തകത്തെയും
വേർപാടിൻ പാത മാറ്റി അതിൻകൂടെ-
കളിക്കുവിൻ എങ്കിലേ പുസ്തകത്തിന്റെ
വേരിൽ ചിലതു കളിപറയും
കിഴക്കിന്റെ പ്രകാശം മെല്ലെ നുകർന്നു-
ണരുന്ന പൂമ്പാറ്റയും പ്രകൃതിയിൽ
ഒരു മായാജാലം തന്നെ ഒരിക്കൽ വേർപാടിന്റെ വിരഹ-
മറിഞ്ഞവന് ,പിന്നെ ആശ വേണ്ടെന്നു,
ഓർക്കുന്നു അരുവിയുടെ വേദന
വേർപെട്ടതിന്റെ മനുഷ്യനാൽ പ്രകൃതിയിൽ നിന്ന്
വിടചൊല്ലുന്നു ,വേർപാടിൻ വിരഹത്തോടു ഇനിയെന്നെക്കും വിട
നന്ദിയോടെ വിട ......

## ചോദ്യ നമ്പർ തന്നെ ഉത്തരങ്ങൾ



ഗൗരി ചന്ദ്രൻ

IX F

1) .എത്ര മലയാളികൾ ഇന്ത്യയുടെ രാഷ്ട്രപതിയായിട്ടുണ്ട് ?

2). കേരളം എത്ര സംസ്ഥാനങ്ങളുടെ അതിർത്തി പങ്കിടുന്നു ?

3) .എത്ര ടീസ്പൂൺ ചേരുന്നതാണ് ഒരു ടേബിൾസ്പൂൺ ?

4) .വേദങ്ങൾ എത്രയുണ്ട് ?

5) .ഗാന്ധിജി എത്ര  പ്രാവശ്യം കേരളം സന്ദർശിച്ചു ?

6) .ഇന്ത്യയേക്കാൾ വിസ്തീർണം കൂടിയ രാജ്യങ്ങൾ എത്ര ?

7) .ജലത്തിന്റെ പി എച്ച് മൂല്യം എത്ര ?

8) .സൗരയൂഥത്തിൽ എത്ര ഗ്രഹങ്ങൾ ?

9) .കേരളത്തിൽ എത്ര ജില്ലകൾക്ക് കടൽത്തീരമുണ്ട് ?

10) .ഒരു സെന്റിമീറ്റർ എത്ര മില്ലിമീറ്ററാണ് ?

11) .ഒരു ഫുട്ബോൾ ടീമിൽ അംഗങ്ങളുടെ എണ്ണം എത്ര ?

12) .ഒരു അടി എത്ര ഇഞ്ചാണ് ?

13). എത്രാമത് കേരളനിയമസഭയാണ് നിലവിലുള്ളത് ?

14). കേരളത്തിലെ ജില്ലാ പഞ്ചായത്തുകളുടെ എണ്ണം ?

15) .വാഹനങ്ങൾക്ക് ഒറ്റത്തവണ നികുതി അടക്കുന്നത് എത്ര വർഷത്തേക്ക് ?

16) .ഒരു ഷട്ടിൽ കോർക്കിൽ എത്ര തൂവലുകളാണുള്ളത് ?

17) .ഇന്ത്യൻ കറൻസികളിൽ ആകെ എത്ര ഭാഷകളിൽ മൂല്യം എഴുതിയിട്ടുണ്ട് ?

18) .മഹാഭാരതത്തിന് എത്ര പർവ്വങ്ങളുണ്ട്?

19) .എത്രാമത് കോമൺവെൽത്ത് ഗെയിംസാണ്  2010-ൽ ഇന്ത്യയിൽ നടന്നത് ?

20) .ട്വന്റി ട്വന്റി ക്രിക്കറ്റിൽ എത്ര ഓവറുകളാണുള്ളത് ?

# പ്രളയം



വിസ്മയ എസ്

*IX G*



പേടി തുളുമ്പുന്ന കണ്ണുകൾ
അതിജീവനത്തിന്റെ നാളുകൾ
പ്രളയം വന്നു കൊടുങ്കാറ്റായി ,മഴയായി
നമ്മുടെ പ്രിയരേ തൻ ജീവൻ കൊണ്ടുപോയി
ജില്ലകൾ പ്രളയത്തിൽ മുങ്ങിക്കിടക്കുന്നു
പണ്ടൊരു കാക്ക മൺകുടത്തിൽ
കല്ലിട്ടു വെള്ളമോ പൊങ്ങിവന്നു
ഇന്ന് മനുഷ്യന് ഫ്ലാറ്റ് കെട്ടാൻ
കല്ലിട്ടു വെള്ളമോ പാഞ്ഞുകേറി
പണ്ടത്തെ നമ്മുടെ പൂർവികരുടെ ചെയ്തികൾ തൻ
ഫലമാവാം ഇന്ന് നാം അനുഭവിക്കുന്നത്
അതിനാലാവാം ഇന്ന് നാം സുരക്ഷിതരായിരിക്കുന്നത് ...





ദേവാഞ്ജന എസ് എസ്
VIII E

## ആരോഗ്യ സംരക്ഷണത്തിന് യോഗ

പ്രകൃതിയുടെ ഏറ്റവും അത്ഭുതകരമായ സൃഷ്ടികളിൽ ഒന്നാണ് മനുഷ്യശരീരം.അതിനെ ശരിയായ വ്യായാമം വിശ്രമം,ഭക്ഷണം എന്നിവയിലൂടെ കാത്ത് സൂക്ഷിക്കേണ്ട ചുമതല നമ്മുക്കുണ്ട്.ചെറുതും വലുതുമായ വ്യായാമമുറകൾ ,പ്രാണായാമം ധ്യാനം എന്നിവ വഴി ഏതു നമ്മുക്ക് സാധ്യമാകുന്നു .ശരീരത്തെയും,മനസ്സിനെയും ശക്തിപ്പെടുത്തുവാനും നിയന്ത്രിക്കാനും അവയുടെ കഴിവുകളെ വർദ്ധിപ്പിക്കുവാനും ശരീരത്തെ സ്വയം സജ്ജമാക്കുന്നതിനുള്ള ഭാരതീയ ജീവന പദ്ധതിയാണ് യോഗശാസ്ത്രം .

ലോകത്തിനു ഭാരതം നൽകിയ അമൂല്യമായ സംഭാവനകളിൽ ഒന്നാണ് യോഗ മാനസികവും ശാരീരികവും ആത്മീയവുമായ വ്യായാമമുറയാണ് ഇത് .യോഗശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് പതഞ്ജലി മഹർഷിയാണ് ."യുജെ "എന്ന സംസ്കൃത ധാതുവിൽ നിന്നാണ് യോഗ എന്ന ശബ്ദം ഉണ്ടായിരിക്കുന്നത് .ഒന്നിപ്പിക്കുക,കൂട്ടിയിണക്കുക എന്നൊക്കെയാണ് ഇതിനർത്ഥം.ശരീരത്തിന്റെയും മനസ്സിന്റെയും കൂട്ടിയിണക്കലാണ് യോഗ .യോഗയുടെ മുഖ്യ ലക്ഷ്യം മനസ്സിനെയും ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കാനുള്ള കഴിവ് ആർജ്ജിക്കുക എന്നതാണ് .

## അഷ്ടാംഗയോഗ

ആസനങ്ങൾ ചെയ്യുന്നതും പ്രാണായാമം പരിശീലിക്കുന്നതും മാത്രമാണ് യോഗ എന്നാണ് പലരുടെയും ധാരണ.എന്നാൽ അത് ശരിയല്ല ഭാരതീയദർശനങ്ങളിൽഒന്നാണ്യോഗശാസ്ത്രം.യോഗശാസ്ത്രത്തിനുഎട്ടുഅംഗങ്ങൾഉണ്ട് യാമം,നിയമം,ആസനം,പ്രാണായാമം,പ്രത്യാഹാരം,ധാരണ,ധ്യാനം,സമാധി എന്നിവയാണ് അവ.ഈ അഷ്ടാംഗയോഗങ്ങളിൽ ആസനവും പ്രാണായാമവുമാണ് സാധാരണക്കാർക്ക് എളുപ്പത്തിൽ പരിശീലിക്കുവാൻ സാധിക്കുക അതുകൊണ്ടാണ് അവക്ക് രണ്ടിനും പ്രചുരപ്രചാരം സിദ്ധിച്ചിരിക്കുന്നതും,യോഗ എന്നാൽ യോഗാസനങ്ങൾ എന്ന് മാത്രം ധരിക്കുവാൻ ഇടയാകുന്നതും

## യോഗാസന പരിശീലനത്തിന്റെ പ്രാധാന്യം

എട്ടു വയസ്സുമുതൽ ആരോഗ്യമുള്ള ആർക്കും യോഗ പരിശീലിക്കാവുന്നതാണ്.പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് യോഗ അത്യന്തം പ്രയോജനപ്രദമാണ്.ഏകാഗ്രത,ഉണർവ് ഓർമ്മശക്തി,വൈകാരിക നിയന്ത്രണശക്തി എന്നിവ ആർജ്ജിക്കുന്നതിനും യോഗാസനം സഹായിക്കും.യോഗാസനങ്ങൾ കേവലം ശാരീരിക വ്യായാമങ്ങൾ മാത്രമല്ല മനസ്സിനുള്ള വ്യായാമം കൂടിയാണ്.ഒരു വ്യായാമം എന്ന നിലയിൽ വ്യത്യസ്തങ്ങളായ ആസനങ്ങൾ ചെയ്യുന്നതിലൂടെ ശരീരത്തിലെ ഒട്ടുമിക്ക പേശികളും വികസിക്കുകയും സങ്കോചിക്കുകയും ചെയ്യുന്നു .




## വിജയത്തിലേക്കുള്ള അടയാളം


നിഖിൽ ബി
IX F

വിവിധ രാജ്യങ്ങളിൽ ബിസിനസ് നടത്തുന്ന ഒരു രാജാവിന്റെ കഥ നിങ്ങൾ കേട്ടിട്ടുണ്ടോ? ഒരിക്കൽ അദ്ദേഹം കപ്പൽമാർഗ്ഗം യാത്ര നടത്തുകയായിരുന്നു. പെട്ടെന്നാണ് അത് സംഭവിച്ചത്! ഒരു മഞ്ഞുമലയിൽ തട്ടി കപ്പൽ മുഴുവനായും തകർന്നു. പക്ഷേ അദ്ദേഹം ഒരു വിധത്തിൽ നീന്തി കരപറ്റി.അദ്ദേഹം ചെന്നുപറ്റിയത് ഒരു ഒറ്റപ്പെട്ട ദ്വീപിലായിരുന്നു. ആൾതാമസമില്ല,കൊടും തണുപ്പും കാറ്റും. ആ ദ്വീപിൽ തന്റെ ബാക്കി ജീവിതം എങ്ങനെ നയിക്കുമെന്നോർത്ത് അദ്ദേഹം ദുഖിച്ചു. തണുപ്പിൽനിന്നും മഴയിൽനിന്നും വെയിലിൽനിന്നും രക്ഷനേടാൻ കല്ലും മരക്കഷണങ്ങളും ഓലയും മറ്റും ഉപയോഗിച്ച് ഒരു കുരയുണ്ടാക്കി. കഴിക്കാൻ പഴവർഗ്ഗങ്ങളും വെള്ളവും മാത്രം.

ഒരു ദിവസം ഭക്ഷിക്കുവാൻ കിഴങ്ങും ശേഖരിക്കാൻ കാട്ടിൽ പോയി. തിരിച്ച് വരുമ്പോൾ കണ്ടത് വീട് കത്തിക്കൊണ്ടിരിക്കുന്നതാണ്. ദ്വീപിൽനിന്നും വെള്ളം എടുത്ത് തീ കെടുത്താൻ നോക്കിയിട്ടും നടന്നില്ല, തന്റെ കുര കൺമുൻപിൽ എരിഞ്ഞടങ്ങി! ഇനി ഞാൻ എന്തുചെയ്യും? ആകെയുള്ള സമ്പത്ത് നഷ്ടപ്പെട്ടു. ആ തീയിൽ ചാടി ജീവിതം തീർത്താലോ എന്നു തോന്നി. ആ സമയത്താണ് അങ്ങ് ദൂരെനിന്ന് തന്റെ നേരെ വരുന്നത് കണ്ടത്. കപ്പൽ ദ്വീപിന്റെ തെല്ലകലെ നിന്നു. അതിൽനിന്ന് ചെറിയ ഒരു ബോട്ടിൽ രണ്ടുമൂന്നുപേർ ദ്വീപിലേക്കെത്തി. അവർ പറഞ്ഞു. ഇവിടെ തീ ഉയരുന്നത് കണ്ടപ്പോൾ എന്തോ അപകടം സംഭവിച്ചെന്നു തോന്നി. നിങ്ങളെ സഹായിക്കുവാൻവേണ്ടിയാണ് കപ്പൽ നിർത്തിയത്. നിങ്ങൾക്ക് കുഴപ്പം ഒന്നും ഇല്ലല്ലോ? അയാൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. ഇതിലധികം സന്തോഷം അയാൾക്ക് എന്താണ് വരാനുള്ളത്? വീടുകത്തിയപ്പോൾ തോന്നിയ കഠിനസങ്കടത്തേക്കാൾ വീടുകത്തിയപ്പോൾ തന്നെ രക്ഷിക്കാൻ ആളുകൾ വന്നെന്നു കേട്ടപ്പോൾ സന്തോഷം തോന്നി.

# SCHOOL CAMP







## മഴവില്ല്

വർമഴവില്ലേ  ആകാശശ്രീയേ
ശബ്ദവർണങ്ങൾ പകരും ആനന്ദമേ നിന്നെ
കണികാണുവാൻ വേണ്ടി ഉണരും ഞാൻ
ആകാശ നീലിമ മായിച്ചുകൊണ്ടെത്തിടും
കരിമുകിലിന്റെ സൗന്ദര്യമേ നിന്നെ
കണികാണുവാൻ വേണ്ടി ഉണരുന്നു ഞാൻ.
മർത്യമനസുകളിൽ ചാഞ്ചാടി നിൽക്കുംനിൻ
നിർമല ഭംഗിയിൽ വർണങ്ങളിൽ
സസ്യങ്ങളും മറ്റു ജീവജന്തുക്കളും പിന്നെ
ഭൂമിയും നിന്നെ വരവേൽക്കുന്നു
മയിലുകൾ നൃത്തം ചവിട്ടിടുന്നു
കുയിലുകൾ ഉച്ചത്തിൽ പാടിടുന്നു
ഭൂമിയമ്മ തൻ മക്കൾക്കു നൽകിടുന്നു
സമൃദ്ധിയിൽ മഴവിൽ മാറിടുന്നു
വർമഴവില്ലേ ആകാശശ്രീയെ
വാനിൽ തിളങ്ങുന്ന പൊൻബിംബമേ  നിന്നെ
കണികാണുവാൻ വേണ്ടി ഉണരുന്നു ഞാൻ



മെർലിൻ
9D



ലിൻസിമോൾ

9F



## ത്യാഗം കൊണ്ട് മഹാനേട്ടം

പ ണ്ടുകാലത്ത് ലോകത്തെ ഏറ്റവും നീളം കൂടിയ നദി എന്ന് വിശേഷിപ്പിക്കാവുന്ന നൈലിന്റെ ഇരുതീരങ്ങളെയും ബന്ധിപ്പിച്ച പാലമുണ്ടായിരുന്നു.ഈ പാലം യന്ത്രവൽകൃതമായിരുന്നു.ഈ പാലം നീളത്തിൽ ചെറുതായതിനാൽ വലിയ കപ്പലുകൾ വരുമ്പോൾ പാലം യന്ത്രത്താൽ ഇരുവശങ്ങളിലേക്കും മാറേണ്ടതുണ്ട്. ഈ ജോലി ആത്മാർത്ഥതയോടെ നോക്കുന്നത് ആ പ്രദേശവാസിയായ രഘുനാഥ് ആയിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയാണ് ശാന്തി. രഘുനാഥിന് കണ്ണിലുണ്ണിയായി ഒരു മകനേയുണ്ടായിരുന്നുള്ളു, ലോക്നാഥ്.ചെറുതാണെങ്കിലും വളരെ സന്തോഷത്തോടെയും സന്തുഷ്ടരായും കഴിഞ്ഞു പോകുന്ന കുടുംബമാണത്. ഒരിക്കൽ അച്ഛന് ഉച്ചഭക്ഷണവുമായി ലോക്നാഥ് രഘുനാഥന്റെ ജോലിസ്ഥലത്തെത്തി പെട്ടെന്നൊരു വലിയ കപ്പൽ വരുന്നുണ്ടെന്ന മുന്നറിയിപ്പ് കിട്ടി .തിടുക്കത്തിൽതന്നെ അദ്ദേഹം ചക്രം തിരിക്കുന്ന ജോലിയിൽ ഏർപ്പെട്ടു . അച്ഛന്റെ അധ്വാനം കണ്ട മകൻ ഉടൻ ആ ചക്രത്തിൽ കയറി പിടിച്ചു . അതിന്റെ വിദ്യ അറിയാത്തതുമൂലം മകന്റെ കൈ ആ ചക്രത്തിൽ വീണു .വേദനയുടെ മുൾമുടിയിൽനിന്നു മകൻ നിലവിളിച്ചു .എന്നാൽ ഈ പാലം മാറാതിരുന്നാൽ കപ്പലിനെ ഇടിച്ചു അതിലെ അനേക ജീവൻ പൊലിയും.അതിനാൽ തന്റെ മകന്റെ നിലവിളി രഘുനാഥ് ചെവിക്കൊണ്ടില്ല വിരലുകൾ കുടുങ്ങിയിരിക്കുന്ന ലോക് നാഥിനെ യന്ത്രം പിടിച്ചെടുത്തു .യന്ത്രത്തിൽ കുടുങ്ങി ലോക്നാഥിന്റെ ശരീരം നുറുങ്ങിപ്പോയി . തന്റെ ഓമന പുത്രന്റെ രക്ത തുള്ളികൾ തന്റെ ശരീരത്തിലൂടൊഴുകി.കപ്പൽ പോകുന്നതുവരെ രഘുനാഥ് യന്ത്രം കറക്കി.അങ്ങനെ കപ്പലിലുള്ള ദശലക്ഷക്കണക്കിനു ആളുകളുടെ ജീവൻ തന്റെ മകന്റെ ചോരയിൽ ആശ്രയിച്ചു .

# നിനക്കായ്



കീർത്തി റ്റി.എസ്
9E

ഇനി ഞാനരികിൽ വരാം  നീയെന്നെ കാത്തിരുന്നവെങ്കിൽ

ഇനി ഞാൻ കാതോർക്കാം  നീയെനിക്കായി പാടുമെങ്കിൽ

ഇനി ഞാനിമകൾ തുറക്കാം നീയെൻ മുന്നിൽ വന്നുവെങ്കിൽ

ഇനി ഞാൻ പൂഴിയാകാം നിൻ പാദങ്ങളെന്നെ തൊടുമെങ്കിൽ

ഇനി ഞാൻ ദേഹമാകാം നിൻ കൈകളെന്നെ സ്പർശിക്കുമെങ്കിൽ

ഇനി ഞാൻ പൂവാകാം നീയൊരു വണ്ടായി വന്നുവെങ്കിൽ

ഇനി ഞാൻ മരമാകാം നീയൊരു ലതയായി നിൽക്കുമെങ്കിൽ

ഇനി ഞാൻ നദിയാകാം നീ സമുദ്രമായി വരുമെങ്കിൽ

ഇനി ഞാൻ ആകാശമാകാം നീയൊരു നക്ഷത്രമായി വന്നുവെങ്കിൽ

ഇനി ഞാൻ പകലാകാം നീ രാത്രിയായരികിൽ വരുമെങ്കിൽ

ഇനി ഞാൻദുഃഖിയാകാംനീയെന്നെസ്വാന്തനിപ്പിക്കുമെങ്കിൽ

ഇനി ഞാൻ വീണയാകാം നീയതിൽ ശ്രുതിയാകുമെങ്കിൽ

ഇനി ഞാനോടിയരികിലെത്താം

നീയെന്നെയെന്നന്നേക്കുമായി കൊണ്ടു പോകുമെങ്കിൽ............



# അമ്മ

ഫേബ സാം

9D



മോനേ ...............

ഈ വിളികേട്ടാണ് ഞാൻ ഉണർന്നത് ഞാൻ എവിടെയാണ്.അതെ,ഞാൻ ഒരു ആശുപത്രിയിൽ ആണ് .അമ്മയ്ക്ക് വയ്യ.ഒരു തലചുറ്റലും അസ്വസ്ഥതയും അങ്ങനെ കൊണ്ടുവന്നതാണിവിടെ അമ്മയെ ഒരിക്കലും തനിച്ചിരുത്താൻ ആഗ്രഹിക്കാത്ത ആളാണ് ഞാൻ.അതുപോലെ തന്നെയാണ് അമ്മയ്ക്ക് ഒരിക്കലും ഒറ്റക്ക് ഇരിക്കാൻ ആഗ്രഹമില്ല. 'അമ്മ ഇപ്പോൾ വെന്റിലേറ്ററിൽ ആണ്.അതും ഒറ്റക്കല്ല.അമ്മ ഒറ്റക്കല്ല കൂട്ടിനു യന്ത്രങ്ങളുണ്ട്.ഞാൻ അമ്മയെ ഒന്ന് നോക്കി അമ്മയുടെ മുഖത്തെ ഭാവം എനിക്ക് ഇതുവരെ മനസ്സിലാക്കാൻ സാധിക്കുന്നില്ല.ആ മുഖത്തു ഇപ്പോഴും വിഷാദമാണ്. പുഞ്ചിരി ഇല്ലാത്ത മുഖത്തെ ഞാൻ പലപ്പോഴും വെറുത്തു പോയിരുന്നു ."വിജയ് ആരാണ് "ഡോക്ടർ ചോദിച്ചു " " ഞാനാണ് ഡോക്ടർ ഞാൻ പറഞ്ഞു " '

ഐ ആം സോറി .........എനിക്ക് നിങ്ങളുടെ അമ്മയെ രക്ഷിക്കാനായില്ല.ഹാർട്ട് അറ്റാക്ക് ആയിരുന്നു അന്ത്യ ശ്വാസം വലിച്ചപ്പോഴും വിജയ് എന്നായിരുന്നു പറഞ്ഞിരുന്നത്.ഒരു നിമിഷത്തേക്ക് ഞാൻ വല്ലാതായി പക്ഷെ എന്തുകൊണ്ടോ ആ മുഖത്തിന് ഒരു സന്തോഷമുണ്ട്.അതെ ഞാൻ ആഗ്രഹിച്ചിരുന്ന മുഖം വർഷങ്ങൾക്ക് ശേഷം ഞാൻ ആദ്യമായി ആണ് അമ്മയുടെ ചിരിച്ച മുഖം കാണുന്നത് .'അമ്മ ഒരിക്കലും ചന്ദനമില്ലാതെ എങ്ങും പോയിട്ടില്ല.അതുകൊണ്ടമ്മ മരിക്കുമ്പോഴും ആ ചന്ദനം നെറ്റിയിൽ കാണണമെന്ന് എനിക്ക് നിർബന്ധമായിരുന്നു.

"മോനെ വിജയ് കരയല്ലേ .ഞാൻ വേഗം വരും .......പേടിക്കല്ലേ അമ്മയില്ലേയിവിടെ ?ആ മൃതശരീരം എന്നോട് പറയുന്നതായി എനിക്കുതോന്നി അതെ അമ്മയ്ക്ക് മരണമില്ല .'അമ്മ എന്നും എന്നോട് കൂടെയുണ്ടാകും

എന്നും ........എന്നും ..............................

# 10 കുസൃതിചോദ്യങ്ങൾ



അമി മറിയം സന്തോഷ്
9F

1. കടകളിൽ കിട്ടാത്ത ജാം?

    ട്രാഫിക് ജാം

2. ഒരിക്കലും ഓടിയാത്ത വില്ല്?

    മഴവില്ല്

3. കടയിൽ കിട്ടാത്ത റേഷൻ?

    കോ-ഓപ്പറേഷൻ /ഓപ്പറേഷൻ

4. ആനയ്ക്ക് മദമിളകിയാൽ എന്ത് നടക്കും?

    ആരും നടക്കില്ല

5. ലക്ഷക്കണക്കിനു വിദ്യാർത്ഥികൾ പഠിക്കുന്ന ബസ്?

    സിലബസ്

6. പിടക്കോഴി കൂവുന്ന നൂറ്റാണ്ടു വന്നാൽ എന്ത് സംഭവിക്കും?

    പൂവങ്കോഴി മുട്ടയിടും

7. മോങ്ങാനിരുന്ന നായുടെ തലയിൽ തേങ്ങ വീണാൽ എന്ത് സംഭവിക്കും?

    നായയുടെ കുടുംബം അനാഥമാകും

8. കഷണ്ടിയുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ട് ?

    അവർക്കു ചീപ്പും കണ്ണാടിയും വേണ്ട

9. വെള്ളം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ജീവനക്കാർ ?

    ഫയർ ഫോഴ്സുകാർ

10. വെളുക്കുമ്പോൾ അഴുക്കാകുന്ന സാധനം ?

    ബ്ലാക്ക് ബോർഡ്



അലീന ഡി എസ്
IX F

## ആമസോൺ; ഭൂമിയുടെ ശ്വാസകോശം

ലോകത്തിലെ ഏറ്റവും വലിയ മഴക്കാടാണ് ആമസോൺ. സുന്ദരമായ ഭൂപ്രദേശം ഇനിയും ഏറെക്കാലം ഇതു പോലെ നമുക്ക് കാണാനാകില്ല. കാരണം ലോകത്തിലെ ഏറ്റവും ഭീകരരായ ഒരുപറ്റം ജീവികൾ ഇന്ന് ആമസോണിനെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആമസോൺ മാത്രമല്ല, ജൈവവൈവിധ്യത്തിന്റെ കലവറകളായ മറ്റെല്ലാ മഴക്കാടുകളും ഇന്ന് ആ ജീവിയുടെ പിടിയിൽ അമർന്ന് കഴിഞ്ഞു. ഇങ്ങനെ പോയാൽ 2060 ആകുമ്പോഴേക്കും മരുന്നിനു പോലും മഴക്കാടുകൾ ലോകത്ത് ബാക്കിയാകില്ല. ഓരോ ഇഞ്ച് മഴക്കാടിനൊപ്പവും ഞാനടക്കം ഭൂമിയിലെ സകല ജീവജാലങ്ങളും ഇഞ്ചിഞ്ചായി മരിച്ചു കൊണ്ടിരിക്കുകയാണ് എന്ന വലിയ സത്യം തിരിച്ചറിയാത്ത ആ ഭീകര ജീവി ആരെന്നോ? മനുഷ്യൻ!

ആമസോൺ എന്ന അത്ഭുതം- സൂര്യപ്രകാശം താഴെയെത്താത്ത വിധം ഇടതൂർന്ന കൊടും കാട്. നടുവിലൂടെ ഒരു പെരുമ്പാമ്പിനെപ്പോലെ വളഞ്ഞുപുളഞ്ഞ് ഒഴുകുന്ന ആമസോൺ നദി. ഇതുവരെ പുറംലോകമറിയാത്ത ആയിരക്കണക്കിന് ജീവജാലങ്ങൾ! ഒൻപതു രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഈ വനപ്രദേശത്തിന്റെ വിസ്തൃതി ഏകദേശം അൻപത്തിയഞ്ച് ലക്ഷം ചതുരശ്ര കിലോമീറ്റർ വരും. ഇതിന്റെ പകുതിയും ബ്രസീലിലാണ്. അത്ഭുതങ്ങളുടെ കലവറയാണ് ആമസോൺ. ലോകത്തിലെ ഏറ്റവും വലിയ ജൈവമേഖലയായ ഇവിടെയാണ് അറിയപ്പെടുന്ന ജീവിവർഗ്ഗങ്ങളുടെ പത്ത് ശതമാനവും കാണപ്പെടുന്നത്. നാൽപ്പതിനായിരത്തിലധികം സസ്യവർഗ്ഗങ്ങളും ആയിരത്തിലധികം ജീവിവർഗ്ഗങ്ങളും ആമസോണിലുണ്ട്.

6480km നീളത്തിലൊഴുകുന്ന ഈ നദി ലോകത്തിലെ രണ്ടാമത്തെ നീളം കൂടിയ നദിയാണ്. ദിവസവും ഇരുപത്തിരണ്ട് cm ലധികം നീളം വയ്ക്കുന്ന മുള, അൻപത് മീറ്റർ ഉയരവും ആയിരം വർഷം ആയുസ്സുമുള്ള ബ്രസീൽ നട്ട് മരങ്ങൾ, തത്തച്ചുണ്ട് പോലെ വളഞ്ഞ് ചുവന്ന കട്ടിയുള്ള ഹെലിക്കോണിയ ചെടികൾ, ആമസോണിന്റെ സസ്യവൈവിധ്യത്തിന്റെ ചില ഉദാഹരണങ്ങളാണ് ഇവ.ഇന്നൊരു ഫുട്ബോൾ കോർട്ടിനോളം മഴക്കാടുകൾ ഓരോ സെക്കന്റിലും നശിപ്പിക്കപ്പെടുന്നുണ്ട് എന്നാണ് കണക്കുകൾ. ഇത്തരത്തിൽ നശിപ്പിക്കപ്പെടുന്ന കാടുകൾ, ഭൂമിയുടെ മുഴുവൻ കാലാവസ്ഥയേയും സ്വാധീനിക്കുന്നുണ്ട്.

നാടിന്റെ നിൽപ്പിന് മൊത്തം ഭൂവിസ്തൃതിയുടെ 33 ശതമാനം എങ്കിലും മഴക്കാടുകൾ വേണം.ലോകത്തെ ആകെ ബാധിക്കുന്ന ആഗോളതാപനത്തിന്റെ പ്രധാന കാരണം മഴക്കാടുകളുടെ നശീകരണമാണ്.ഇന്ത്യയുടെ ആകെ വിസ്തൃതിയുടെ പത്തൊമ്പത് ശതമാനമാണ് വനം.ലോകത്തുള്ള സർവ്വ ജീവജാലങ്ങളേയും കണക്കിലെടുത്ത് വനനശീകരണത്തിനെതിരായി നാം ഒന്നിച്ചു കൈകോർക്കണം.





# മിഠായികൾ



സുജാത അനിൽ

അടുക്കും തോറും അകലുകയും
അകലും തോറും അടുക്കുകയും ചെയുന്ന
വിചിത്രമായ ഒരു ബന്ധമാണ്
നാം തമ്മിൽ ഉള്ളത്
എനിക്കും നിനക്കും ഇടയിൽ
ശർക്കര മിഠായിപോലെ
ഒട്ടിപിടിക്കുന്ന മധുരവും
പുളിമിഠായി പോലെ
പുളിപ്പും
ഇഞ്ചിമിഠായി പോലെ
ചവർപ്പും ഉണ്ട്
മിഠായി ആയതിനാലും
നാം വേഗം അലിഞ്ഞുപോകുന്നതും

# വലിയവ ഏത് ? ചെറിയവ ഏത് ?



അലീന ഡി എസ്

*IX F*

- ഏറ്റവും വലിയ സ്ഫോടനം നടന്ന സ്ഥലം ഏത് ?

  കാക്കത്തോവ ദ്വീപ് [ഇന്തോനേഷ്യ ]
- ഏറ്റവും വലിയ നഗരം ഏത് ?

  ടോക്കിയോ
- ഏറ്റവും വലിയ യൂറോപ്യൻ തടാകം ഏത് ?

  ലഡോഗ
- ഏറ്റവും വലിയ ആഫ്രിക്കൻ നഗരം ഏത് ?

  കെയ്റോ [ഈജിപ്റ്റ് ]
- ഏറ്റവും വലിയ രത്നം ഏത് ?

  കുള്ളിനെൻ
- ഏറ്റവും ചെറിയ ദ്വീപ് ഏത് ?

  ബിഷപ്പ് റോക്ക്
- ഏറ്റവും ചെറിയ നദി ഏത്?

  ഡി നദി
- ഏറ്റവും ചെറിയ റിപ്പബ്ലിക്ക് ഏത് ?

  നൗറു
- ഏറ്റവും ചെറിയ സ്ഥലനാമം ഏത് ?

  എ (സ്വീഡനിലാണ് ഈ സ്ഥലം )



# ആലിപ്പഴം



ജോസ്ന മോൾ

*IX D*

വേനലായി കൊടും വേനലായി

വേനലിൽ പച്ചപ്പ് കത്തിപ്പോയി

പുതുമണ്ണിൻ  മണമേകിടാനിതാ

കാർമേഘങ്ങൾ വന്നെത്തി

കുളിർ കാറ്റ് വീശി മഴചൊരിയുന്നു

ചറ പറ ചറ പറ ശബ്ദം മുഴങ്ങുന്നു

വീഴുന്നു ചെറു സ്ഫടികങ്ങൾ

വീഴുന്നു കണ്ണാടി പോലെ  തിളങ്ങുന്നു

നിലത്തു വീഴുമ്പോൾ അദ്ഭുതം

സ്ഫടികങ്ങളിതാ ജലമായിമാറുന്നു

ആലിപ്പഴങ്ങൾ വീഴുന്നു വീടിന്റെ

ഓടിൻ മുകളിൽ വീഴുന്ന വീഴുന്നു ......



## അമ്പിളിമാമനിൽ പോകാം

കുഞ്ഞായിരുന്നൊരു നാളിലെന്നമ്മ
അമ്പിളിമാമനെക്കാട്ടിയൂട്ടിയിരുന്നുവെന്നെ
പുഴയിൽ വീണൊരു അമ്പിളിമാമനെ
കുമ്പിളിൽ കോരിയ ബാല്യമുണ്ടായിരുന്നു
അന്നേ കൊതിച്ചതാണെന്നോ ഒരിക്കൽ
അമ്പിളിമാമനിൽ ഏത്തിടാനായി
അമ്പിളിമാമനിൽ പോകുന്ന ലാൻഡറെ
എത്രയോ ദൂരം ഞാൻ പിന്തുടർന്നു
നിദ്രയിൽ വന്നു വിളിച്ചിരുന്നുവെന്നേ
സ്വപ്നങ്ങൾ പേറുന്നൊരാകാശ പേടകം
കൈയെത്തും ദൂരത്തു നിന്ന് പൊയ്പോ
യൊരാപേടകം സത്യമായി ചൊല്ലിടുന്നേൻ
അമ്പിളിമാമനിൽ പോയിട്ടുമൊരിക്കൽ ഞാൻ
എന്നിട്ടാമാമനെ സ്വന്തമാക്കും
അന്നെന്റെ നാടിൻ അഭിമാനമുയർന്നിടും
അന്തമില്ലാത്ത പ്രകാശ വർഷങ്ങൾക്കപ്പുറം



ശ്രീഹരി
9C



## നവംബർ 1

### മലയാള ഭാഷാദിനം

അമി മറിയം സന്തോഷ്

9F

നവംബർ 1 മലയാള ഭാഷ ദിനം.കേരളീയർക്ക് തന്റെ പെറ്റമ്മയെ ഓർക്കാൻ ഒരു ദിനം ആഗതമായി. ഇന്നത്തെ സമൂഹത്തിൽ മലയാളം എന്ന ഭാഷ അന്യമായി പോകുന്നോ എന്ന ചിന്ത നമ്മളിൽ വരുവാനുള്ള സമയം ആയിരിക്കുന്നു.മലയാളം അറിയില്ല എന്നത് ഒരു ഗുണമായി കേരളീയർ കാണുന്നു.മലയാളഭാഷയുടെ പൂന്തോട്ടത്തിൽ അദ്ധ്യാത്മരാമായണം, കല്യാണസൗഗന്ധികം, ഉമാകേരളം, ചിത്രയോഗം തുടങ്ങിയ വസന്തങ്ങൾ വിരിച്ച കവികളെ ചോദിച്ചാൽ അധികം ആർക്കും അറിയില്ല.പ്രാചീന കവികളും ആധുനിക കവികളും മലയാളഭാഷയെ സ്നേഹിച്ചിരുന്നു.മലയാളസാഹിത്യ ലോകത്തിനു ഒരുപാട് സംഭാവനകൾ തന്ന കവികൾ ഉണ്ട് . പ്രാചീനകവിയായ എഴുത്തച്ഛൻ തന്റെ ഭാഷക്ക് പുതിയ രൂപം തന്നെ നൽകി.ആധുനിക ഭാഷയുടെ പിതാവ് എന്നദ്ദേഹം അറിയപ്പെട്ടു

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്യന് പെറ്റമ്മ തൻ ഭാഷതാൻ" എന്നാണ് വള്ളത്തോൾ മലയാളത്തെപ്പറ്റി പറഞ്ഞിരിക്കുന്നത്. വെണ്ണിക്കുളം ഗോപാലക്കുറുപ്പിന്റെ മാണിക്യവീണ എന്ന കവിതയും മലയാള ഭാഷയെ പറ്റിയാണ്. ആ കവിത തുടങ്ങുന്നത് മലയാളത്തെ വന്ദിച്ചുകൊണ്ടാണ് . വെണ്ണിക്കുളം മലയാള ഭാഷയെ 'ദ്രാവിഡപുത്രി' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. തങ്ങളുടെ പെറ്റമ്മയുടെ മഹത്വം മനസ്സിലാക്കാൻ ഇന്നത്തെ മലയാളിക്ക് സാധിക്കാതെ പോകുന്നു.

"മലയാളം എന്ന നാലക്ഷരമല്ല എന്റെ മലയാളം എന്നും 'അമ്മ' എന്ന രണ്ടക്ഷരമാണെന്റെ മലയാളം" എന്നാണ് കുഞ്ഞുണ്ണി മാഷിന് മലയാളത്തെപ്പറ്റി പറയാനുള്ളത് .എന്തിന് അധികം പറയണം ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ 'മലയാള നാടേ ജയിച്ചാലും ' എന്ന കവിതയിൽ മലയാള നാടിനെ പറ്റിയും കവികളെ പറ്റിയും ആവോളം പാടുന്നു .

ശരീരം അധികം വിയർക്കാതെ ജോലി ചെയ്യാൻ മിക്കവരും ഇഷ്ടപ്പെടുന്നു.അതിനുവേണ്ടി മലയാളഭാഷയെ തള്ളിമാറ്റി മറ്റ് ഭാഷകളിൽ ആശ്രയം പ്രാപിക്കുന്നു.വിദ്യാലയങ്ങളിൽ മലയാളം മീഡിയങ്ങളിൽ കുട്ടികൾ കുറയുന്നതും അതുകൊണ്ട് തന്നെ.നമ്മൾ മലയാളികൾ മറുനാട്ടുകളിൽ പോകുമ്പോൾ കൂട്ടിന് ഒരു മലയാളിയെ കിട്ടിയാൽ എത്ര സന്തോഷമാകും.അത് എന്ത് കൊണ്ട് എന്ന് ചിന്തിക്കൂ. എത്ര ഭാഷകൾ അറിയാം എന്ന് പറഞ്ഞാലും സ്വന്തം മാതൃഭാഷ സംസാരിക്കുമ്പോൾ ലഭിക്കുന്ന സുഖം വേറെയാണ്.ഒരു അപകട സാഹചര്യത്തിൽ നമ്മുടെ നാവിൻ തുമ്പിൽ വരുന്നത് നമ്മുടെ മാതൃഭാഷയാണ്. മറ്റുള്ള ഭാഷയുടെ പിറകെ എത്ര ഓടിയാലും സ്വന്തം ഭാഷയോളം വരില്ല.പോറ്റമ്മമാർ എത്ര ഉണ്ടെങ്കിലും പെറ്റമ്മയോളം വരില്ല . അതാണ് സത്യം .

# നമ്മുക്ക് നമ്മുടെ മലയാളം





ആരോമൽ
IX F

# ഇന്നത്തെ നാട്

നാടിൻ നന്മകളൊക്കപ്പോയി
നാട്ടിൻപുറങ്ങളും ബാക്കിയില്ല
നാടൻപാട്ടുകൾ കേൾക്കാനില്ല
നാലാളുകൂടി ചിരിക്കാറില്ല

ഓണത്തപ്പനെ വയ്ക്കാറില്ല
ഓണപ്പൂവിളി കേൾക്കാറില്ല
ഓണത്തിനുണ്ണാൽ അടാറില്ല

നമ്മുടെ നാടിനെ നല്ലൊരു
നാടിനെ തിരികെ-
പ്പിടിക്കുവാൻ കൈകോർത്തിടാം
വെട്ടിമുറിക്കരുത് ഒറ്റ മരങ്ങളും
കുട്ടികുട്ടുകാരെ നിങ്ങളോർത്തുകൊൾക ...

# അവൾ

ഇന്നലെയവളെ കാണുവാൻ വളരെ സുന്ദരിയായിരുന്നു.ഒരു ചെറിയ പുഞ്ചിരി അവളുടെ ചുണ്ടുകളിൽ നിന്നും വാർന്നു വീഴുന്നുണ്ടായിരുന്നു.തലയിലെ ചെറിയ പൂടകൾ അവൾ ഒതുക്കിവച്ചു.ഇന്ന് നാലാമത്തെ കീമോ സർജറി ആണ് അത് കഴിഞ്ഞു നേരെ ബാർബർ ഷോപ്പിലേക്കു.ആ ചെറിയ പൂടകൾ ഒന്ന് മുറിച്ചുകളയുവാൻ,അവൾക്ക് ബ്രെസ്റ്റ് കാൻസർ എന്ന രോഗമാണ്.മറ്റുള്ളവർ അതിനെ ഒരു മഹാരോഗമായി കാണുമ്പോൾ അവൾക്ക് അത് മാറാത്ത ഒരു ചെറിയ പനിയായേ തോന്നിയുള്ളൂ അറിഞ്ഞതിനു ശേഷം അവളെ കാണുവാനെത്തിയ ഒരു പാട് കള്ള കണ്ണീരുകൾക്കിടയിൽ അവൾക്കായി ആത്മാർഥമായി കരയുന്നവരെ കണ്ടെത്താൻ അവൾ പണിപ്പെട്ടു.ആ ചെറിയ പനിയുടെ മുൻപിൽ സ്വന്തം മുടിയിഴകൾ വരെ നഷ്ടപ്പെട്ടപ്പോൾ അവർ വിചാരിച്ചു അവളും നഷ്ടപ്പെട്ട് എന്ന്.പക്ഷെ അവളുടെ ചിരിക്കുമുമ്പിൽ രോഗമാണ് അവളെ വിട്ടു പോയത്.അവളുടെ ചിരി കാണുമ്പോൾ ഇപ്പോഴും എന്റെ മുഖത്ത് ചിരിയോടൊപ്പം ഞാൻ അറിയാതെ കണ്ണീർ തുള്ളികളും ഇറ്റിറ്റുവീഴുന്നു.....





ആൻസ്റ്റിയ എം ബോസ്

9F





അപർണ

9F

## വിദ്യാലയം

പുളിങ്കൊമ്പിൻ ജാലകം തുറന്നു ഉണരുമെൻ
വിദ്യാലയം
പക്ഷിതൻ നിലവിളിയിൽ ഉന്മാദമായെൻ
വിദ്യാലയം
വിദ്യാലയത്തിൻ പടികൾ കുഞ്ഞിക്കാൽത്തളകൾ
കൊണ്ടൊരു അലങ്കാരം
ഒരു മഴക്കാറിൻ കണ്ണുകളിൽ നിന്നുണരും
കണ്ണീർ മഴതുള്ളിയായും
എവിടെനിന്നെവിടെ നിന്നെന്നെ
തലോടുവാൻ ആരോ കനിഞ്ഞൊരുതുള്ളി
ആരാരും കൊതിക്കുമെൻ വിദ്യാലയ
പ്പടിമേൽ ഒരു ചുവടു പതിക്കുവാൻ



## മാതൃത്വം

ഇന്ന് തിരുവോണമാണ്. നാട്ടിൽ തറവാട്ടിൽ എല്ലാവരും ഒത്തുചേർന്ന് ആഘോഷിക്കേണ്ട ദിനം. എന്നാലേറെ നാളായി ഇതൊക്കെ ആസ്വദിച്ചിട്ട്. അഞ്ച് വർഷം മുമ്പ് ഞാൻ പ്രണയിച്ചവളുമായി നാടുവിട്ടതാണ്. അതിനു പരിഹാരമെന്നോണം ഇന്ന് നാട്ടിലേക്ക് മടങ്ങുകയാണ്. അച്ഛനെയും അമ്മയേയും കാണാൻ.

കൂട്ടത്തിൽ ഉയർന്ന ജാതിക്കാരായ എന്റെ കുടുംബത്തിലെ ഏക ആൺതരിയായ ഞാൻ താഴ്ന്ന ജാതിക്കാരിയെ പ്രേമിച്ചുവെന്ന കുറ്റത്തിന് അച്ഛൻ വീട്ടിൽനിന്നും ഇറക്കിവിട്ടതാണ്. നാട്ടിൽ എത്തുമ്പോൾ ഉള്ളിലൊരാശ്വാസമാണ്. പണ്ട് നീന്തിക്കുളിച്ച കുളവും വയലുമെല്ലാം മനസ്സിലൊരു സിനിമ പോലെ ഓടിയെത്തും. അഞ്ച് വർഷത്തിന് ശേഷം വീട്ടിലേക്ക് പോകാനൊരാഗ്രഹം. അച്ഛനെക്കണ്ട് മാപ്പ് പറയണം. അമ്മയുടെ മടിത്തട്ടിൽ കിടന്ന് സുഖമായി ഒന്ന് ഉറങ്ങണം. അച്ഛനോടുള്ള വാശി പ്രിയയോടുള്ള പ്രണയം, ഇതിനിടയ്ക്ക് അമ്മയെ മറന്നു പോയി. അമ്മ എങ്ങനെയായിരിക്കും ആ നീണ്ട അഞ്ച് വർഷക്കാലം ചിലവിട്ടിരിക്കുക.

അവർനാട്ടിലെത്തി.തമാശരൂപേണ അച്ഛനില്ലേയെന്ന് തിരക്കി. ഒരാൾ വീടിന് പുറത്തു വന്ന് പറഞ്ഞു "അദ്ദേഹം മരിച്ചു"ഭാര്യ ഒരു ബന്ധുവിന്റെ വീട്ടിലാണ്. എല്ലാം തകർന്നടിഞ്ഞ് ഞാൻ നിന്നു. പ്രിയ എന്നെ താങ്ങി നിർത്തി.ബന്ധു വീട്ടിൽ എത്തി അയാൾ അമ്മയെ കണ്ടു.മുത്തശ്ശീ എന്റെ മകൾ ഓടി വന്നു.നീണ്ട ചുംബനങ്ങൾ.

കടന്നു പോയത് ആറ് വർഷങ്ങളാണ്.ഇന്നവൾ അഞ്ചാം ക്ലാസിലാണ്.മുത്തശ്ശിയാണെല്ലാം.അച്ഛൻ ബോബംബേയിലെ ജോലി രാജിവച്ച് നാട്ടിലെ ടൗണിൽ വീടെടുത്ത് താമസമാക്കി.


ഇന്ന് മുത്തശ്ശി നാട്ടിൽ പോയിരിക്കുകയാണ്. വരാൻതാമസിക്കുമെന്നാണ് അച്ഛൻ പറഞ്ഞത്. സ്കൂളിൽ നിന്നുള്ള പഠനയാത്രയുമായി ബന്ധപ്പെട്ടുള്ള തിരക്കിൽ അവളോർത്തു. വൃദ്ധസദനം സന്ദർശിച്ചതിനിടയിൽ അവളുടെമുത്തശ്ശി അവളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. മോൾ ഓടിച്ചെന്ന് മുത്തശ്ശിയെ കെട്ടിപ്പിടിച്ച് കരഞ്ഞു. അവൾ മുത്തശ്ശിയെപ്പറ്റിപ്പിടിച്ച് ഇരുന്നു. മുത്തശ്ശിയെക്കൊണ്ട് മാത്രമേ വീട്ടിലേക്ക് മടങ്ങൂ എന്നവൾ ശാഠ്യം പിടിച്ചു. അവസാനം മുത്തശ്ശിയെക്കൂട്ടി മകൻ വീട്ടിലേക്ക് മടങ്ങുന്നു. ദേവിയമ്മ മാനത്തേക്ക് നോക്കി അതാ.... അദ്ദേഹം എന്നെ കൈ നീട്ടി വിളിക്കുന്നു.

ആ കൈകൾ ഇതാ അടുത്തെത്തി.

ഞാനും വരുന്നു.

വൃന്ദ.റ്റി
9F







അലീന അബ്രഹാം

*IX F*






അലീന അബ്രഹാം
9F







അലീന അബ്രഹാം

9F








Devika Raj
*IX C*



1.Which is faster,hot or cold?

Hot,you can easily catch cold.

2. Forwards I am heavy. Backwards I am not. What am I?

Ton

3.What has teeth but cannot eat?

A Comb

4.What wears cap but has no dead?

A Bottle

5.Why is a river rich?

It has two banks

6.What man cannot live inside a house?

Snowman

7.What is the largest ant in the world?

Elephant

8. Which is the smallest room in the world?

Mushroom

9.What table doesn't have legs?

Vegetable

10.What starts with ‘ E’ ends with ‘E ’and only has one letter?

An envelope

# UNIVERSAL LOVE…..



ANNA SUSAN MANI
IX E



*A mother is a daughter's best friend,*

*and is nothing as powerful as any other love in this whole world.*

*Mother and daughter's love special and unbreakable.*

*This is the most purest form of love and its universal*






*Aswathy B S*
*9D*

# MY EARTH…...MY RESPONSIBILITY

Earth is a beautiful planet in the universe. Earth as the common habitat of more than 7 billion population. Our earth provides us with food,shelter,and most of our requirements.

Despite unavoidable free services provided by earth to us. But humans are being very cruel to our earth by our selfish activities. Mahatma Gandhi said " earth provides enough to satisfy every man's needs,but not every man's greed".Everyday we produce tons of degradable waste and throw them everywhere. Smoke and harmful gases from our homes ,vehicles and on industries are suffocating her. We are disposing dirty sewage's and chemicals to our earth.


We destroy forest or agricultural settlement. We build huge buildings roads and factories beyond her carrying capacity. Establishments of nuclear reactors widely affects environment and human life. Wastes like plastic and other non degradable wastes,pesticides,chemical fertilizers kills



soil organisms and decomposers. Water pollution increase risk to waterborne diseases like cholera dysentery etc. Deforestation leading to natural calamities like flood,soil erosion,temperature increase and change in the rainfall distribution drought etc. our efforts will be drastic step to protect our motherland earth from destruction.


# ***Magazine of Albert Einstein***

In the year 1905, Albert Einstein published some important papers on a German scientific magazine. They included one of the most important scientific document in history. But it explained what came to be called his “special theory of relativity ten years later he explained it to a general theory of relativity.



Albert Einstein theories of relativity are most the basic ideas we use describe natural happenings they are about time, space. He discovered that the compass needle always pointed in the same direction to the north. In one paper he said that lights travels both in waves and particles, called photons.(In’ mass theory ‘be got noble prize in 1921).But unfortunately Albert Einstein passed away in 1955.

IRFANA DAVOOD
8E





# The Rain



*D.R Parvathy Das*
*IXE*


Listening the stars from any window
Wakes up me the tittering rain
Falling so cool and windy
oh! how beautiful you are?
You lightens the dark night
In the moon's pale light.
So beautiful the night seems with you
Even than the foggy dawn.
Evening hymns I near, somewhere
But all conquered by your voice
When in your beats I sings
Leaves back from me slowly
And when I leave back from you
Comes back beside me singing
Take my heart for a while
Higher and so higher
closer to the stars and angels
That I could Fly and fly there
In the paradise of dreams.
Singing my delights and pains
Oh! lovely rain , touch me
always, when I being alone
and when I being sad
like that of my dream lover, for
you are so like her
yes, you are so like............

# ***IMPORTANT SHORTCUT KEYS***

- ➔ **Super key**: Opens activities search
- ➔ **Ctrl+Alt+T**: Ubuntu terminal shortcut
- ➔ **Super+L or Ctrl+Alt+L**: Lock the screen
- ➔ **Super+D or Ctrl+Alt+D** : Show the Desktop
- ➔ **Super+A** : Shows the application menu
- ➔ **Super+Tab or Alt+Tab** : Switch between running applications
- ➔ **Super+Arrow keys** : Snap Windows
- ➔ **Super+M** :Toggle notification tray
- ➔ **Super+Space** : Change input keyboard
- ➔ **Alt+F2** : Run console
- ➔ **Ctrl+Q** : Close an application window
- ➔ **Ctrl=Alt+Arrow** : Move between work spaces
- ➔ **Ctrl+Alt+Del** : Log out
- ➔ **Ctrl+N**: New window
- ➔ **Ctrl+V**:Paste
- ➔ **Ctrl+S**: Save the window
- ➔ **Ctrl+Z**:Undo



*Sneha K Udayan*
*9F*









ANUPAMA R P
9 E

- THE FAMOUS CAB COMPANY UBER IS OWNED BY WHICH FAMOUS TECH GIANT?
  GOOGLE
- FULL FORM OF URL IS?
  UNIFORM RESOURCE LOCATOR
- WHICH IS THE LARGEST UNIT OF STORAGE?
  TERABYTE
- WHICH SERVES AS THE PERSONAL ASSISTANT FOR SAMSUNG PHONES?
  BIX BY
- WHICH IS USED IN RAM?
  SEMI CONDUCTOR
- WHERE ARE SAVED FILES STORED IN COMPUTER?
  HARD DISK
- WHICH IS COMMONLY USED LANGUAGE IN ANDROID APPLICATION?
  JAVA
- WHICH GAME IS DEVELOPED BY SUPER CELL?
  BRAWL STARS
- WHAT IS FULL FORM OF A LU?
  ARITHMETIC LOGIC UNIT
- WHICH IS THE FULL FORM OF GUI IN TERMS OF COMPUTER?
  GRAPHICAL USER INTERFACE
- WHAT IS THE NAME OF FIRST SUPER COMPUTER OF INDIA?
  PA RAM 8000
- WHICH FIRST GENERATION OF COMPUTER HAD?
  VAC CUM TUBES AND MAGNETIC DRUM



## *ONAM*

Onam is the national festival of Kerala. It is believed the welcome given to the spring season is the main source of the Onam festival. The rare features of Onam festival always represent many kinds of decorations by flower. Among them the hypothalami is the important one, which come as a result of the united activities of children. They collect the flowers .They draw the design first and they make a very beautiful combination of colors in a circle field by flowers. The people of Kerala who very enthusiastically follow the festival by dressing in the highly beautiful and costly clothes specially purchased for On am. Apart from this, the members of the house entertain themselves very delicious and tasty food items. Those who work outside Kerala return to native houses taking leave to enjoy their union with family and friends.

There is an allegory related to Hindu Purana that on the same day when the function falls was as auspicious day on which lord Vamana banished the Dravidian king Mahabali from the earthly empire.

When we go the social activities we come to understand that an 'Athachamayam' procession usually conducted by Rajah of Cochin in relation with Onam. During theplace one or two boat races along the course of Kerala. Again in some district there are pulikali. Some other parts we see poorakkali conducted with elephants. There is a special consideration for this function because it is a national festival









DEVANGANA

# रंगों का खेल है ज़िन्दगी ...



Saikripa
10F

रंगों का खेल है जिन्दगी

हम इसे  खेलना ही है

जिन्दगी के उदय से

अस्त तक का खेल है

कई रंगों के पन्नों का

किताब है ज़िन्दगी

हर दिन हरेक रंगों

का पाढ़ सीखते है

पत्थरों ,कॉटों से

भरी रास्ते की ओर

आगे चलने वाली

रंगीन  यात्रा है ज़िन्दगी

शांत सुन्दर निर्मल रंग का

आसमान है ज़िन्दगी

उडते उडते रंग फैलाते

ऊँपरी शिखर तक पहूँचना है

उडते वक्त कई

रंगों से भरना है


यही है मेरा सपना

सपने दिखाकर उडते है



Sindu J Prakash

## छाया........



क्यों  मेरे पीछे हैं ?

सब चले गये  हैं

फिर भी.......

तू क्यों न चले ?

तुम्हारे जीवन काल तक,

तू जमीन पर छिपाने के काल तक .....

मैं भी छिपाऊँगा ................

# നന്ദി

**LANTERN** എന്ന ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിനായി പ്രയത്നിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് എല്ലാ പ്രോത്സാഹനവും നൽകിയ ഞങ്ങളുടെ HM, PTA പ്രസിഡന്റ്,എല്ലാ സഹായങ്ങളും നൽകിയ മറ്റ് എല്ലാ അധ്യാപകർക്കും ജിഎച്ച്എസ് പൂയപ്പള്ളിയിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നന്ദി അറിയിക്കുന്നു.

**ലിറ്റിൽ കൈറ്റ് മാസ്റ്റർ**

**ജോൺ മാത്യു**

**ലിറ്റിൽ കൈറ്റ് മിസ്ട്രസ്**

**അനിത എൻ**